**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 943** **06-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് ഭരണാനുമതിക്കായി പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ ഭരണാനുമതിക്കായി പരിഗണനയിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. (1). കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ ഷിറിയ പുഴയിലെ ബംബ്രണയിലെ എസ്.ഡബ്ല്യൂ.ഇ.സി.ബി റഗുലേറ്ററോട്ടു കൂടിയ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി (2). കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ കുമ്പള പുഴയിലെ കഞ്ചിക്കട്ട റഗുലേറ്ററോട്ടു കൂടിയ പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി |
| (ബി) | പ്രസ്തുത പദ്ധതികൾ ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് XXVII ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | നബാർഡ് അംഗീകാരത്തോടെ മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം ജലവിഭവ വകുപ്പിന്റെ എം.ഐ3/68/2021/ജവിവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |
| (ഡി) | ഭരണാനുമതിക്കായി പരിഗണനയിലുള്ള പ്രസ്തുത പദ്ധതികൾ ഏത് സർക്കാർ കാര്യാലയത്തിലാണ് നിലവിലുള്ളത്; ആയതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നബാർഡ് അംഗീകാരത്തോടെ മേൽ പരാമർശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന വിഷയം ജലവിഭവ വകുപ്പിന്റെ എം.ഐ3/68/2021/ജവിവ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ